"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി സുഗിന.പി., കൃഷി ഓഫീസർക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1179/2023/AGRI തീയതി,തിരുവനന്തപുരം, 04-12-2023

---

പരാമർശം:- 1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 12/10/2023 ലെ ADFW/11367/2023-SD2 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ കൃഷി ഓഫീസറായി 07/06/2023 തീയതിയിൽ ജോലിയിൽ പ്രവേശിച്ച് ശ്രീമതി സുഗിന.പി-ക്ക് കേരള കാർഷിക സർവകലാശാലയിൽ ഡോക്ടറേറ്റ് ബിരുദം നേടുന്നതിനായി 01/12/2023 മുതൽ 30/06/2025 വരെ 578 ദിവസത്തേക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം കത്ത് പ്രകാരം സർക്കാറിൽ ലഭ്യമാക്കിയിരുന്നു.

2).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ കൃഷി ഓഫീസറായ ശ്രീമതി സുഗിന.പി -യ്ക്ക് പഠനാവശ്യത്തിനായി 01/12/2023 മുതൽ 30/06/2025 വരെ, കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. ടിയാൾ അവധി കഴിഞ്ഞ് സേവനത്തിൽ പ്രവേശിക്കുമ്പോൾ സർവീസിൽ പുതിയതായി പ്രവേശിക്കുന്നതായി കണക്കാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VALSALA S D
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
ശ്രീമതി സുഗിന.പി., കൃഷി ഓഫീസർ (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന)
കരുതൽ സഞ്ചയം/ ഓഫീസ് കോപ്പി (AGRI-EA2/252/2023-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ